"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണം - നിലമ്പൂർ താലൂക് - പോത്തുകല്ല വില്ലേജിലെ ശ്രീ. പുരുഷോത്തമൻ, സൂത്രത്തിൽ വീട്, കവളപ്പാറ എന്നവരെ ദുരന്ത സാധ്യത പ്രദേശത്തു നിന്നും സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതിനു അനുവദിച്ച തുകക്ക് പുതിയ വീടും സ്ഥലവും വാങ്ങുന്നതിനു അനുമതി ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ )വകുപ്പ്**

സ.ഉ.(സാധാ) നം.53/2026/DMD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-
1. 01/09/2025 തീയതിയിലെ സ. ഉ. (സാധാ) നം 569/2025/DMD
2. ജില്ലാ കളക്ടറുടെ 04-12-2025 തീയതിയിലെ DCMPM/10433/2024 - DM1 നമ്പർ കത്ത്
3. ജില്ലാ കളക്ടറുടെ 14-01-2026 തീയതിയിലെ DCMPM/10433/2024 - DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019 ലെ പ്രളയത്തിൽ താമസ സ്ഥലം വാസയോഗ്യമല്ലാതായി തീർന്ന ശ്രീ.പുരുഷോത്തമൻ, സൂത്രത്തിൽ വീട്, കവളപ്പാറ, ഭൂദാനം കോളനി പി.ഒ എന്നവർക്ക്, ദുരന്ത സാധ്യത മേഖലയിൽ നിന്നും സ്ഥിരമായി മാറിത്താമസിക്കുന്നതിനു വാസയോഗ്യമായ സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനായി സൂചന 1 പ്രകാരം, 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ തുക ഗുണഭോക്താവിന് അനുവദിക്കുന്നതിനായി നിലമ്പൂർ തഹസിൽദാരുടെ STSB അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമാണ്.

(2) 9.12.2019 ലെ സ.ഉ(കൈ)നം.38/2019/ഡി.എം.ഡി പ്രകാരം പുതിയ വീടും സ്ഥലവും ആവശ്യമായ കുടുംബം പരമാവധി 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് വീടും സ്ഥലവും സ്വയം കണ്ടെത്തുകയാണെങ്കിൽ ആയതിന് സർക്കാരിൽ വിശദമായ പ്രോപ്പോസൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രൊപ്പോസലും കരാറിന്റെ പകർപ്പും മലപ്പുറം ജില്ലാ കളക്ടർ സൂചന 2,3 പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.09.2025 ലെ സ.ഉ(സാധാ) നം.569/2025/ഡി.എം.ഡി പ്രകാരം ശ്രീ.പുരുഷോത്തമൻ, സൂത്രത്തിൽ വീട്, കവളപ്പാറ, ഭൂദാനം കോളനി പി.ഒ എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച്

ഉത്തരവായതും, നിലവിൽ നിലമ്പൂർ തഹസിൽദാരുടെ STSB അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുമുള്ളതുമായ 10 ലക്ഷം രൂപ, ടിയാൻ കണ്ടെത്തിയ എടക്കര വില്ലേജിൽ സ്ഥിതി ചെയ്യുന്നതും പ്രിൻസി തോമസ് W/o ബിനു, വട്ടുപുറത്ത് വീട് എന്നവർക്ക് കൈവശത്തിലുള്ളതും, സർവ്വേ സബ്ഡിവിഷൻ നമ്പർ 2-244 ആയി സ്ഥിതിചെയ്യുന്നതുമായ, 10 അടി വീതി വഴിയോട് കൂടിയ 5 സെന്റ് സ്ഥലവും, ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വാസയോഗ്യമായ 5 വർഷം പഴക്കമുള്ള വാർപ്പ് വീടും ഒരുമിച്ച് വാങ്ങുന്നതിനായി പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്- ബി) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 21-01-2026 11:31:08